**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6130** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കേരള സഹകരണ നിയമവും ചട്ടവും പ്രകാരം ആർബിട്രേറ്റർ പുറപ്പെടുവിക്കുന്ന അവാർഡുകളിൽ വിധി തുകയ്ക്കാണോ വായ്പ മുതൽ ബാക്കി നിൽപ്പിനാണോ ഭാവി പലിശ കൊടുക്കാൻ ഉത്തരവാകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ആർബിട്രേറ്റർമാർ കേരള സഹകരണ നിയമം വകുപ്പ് 70 പ്രകാരം പുറപ്പെടുവിക്കുന്ന അവാർഡുകൾ സിവിൽ കോടതിയുടെ വിധിക്ക് സമാനമാണെന്നും, അതേ രീതിയിൽ തന്നെ അത് നടപ്പിലാക്കണമെന്നും കേരള സഹകരണ നിയമം വകുപ്പ് 76 - ൽ പ്രതിപാദിച്ചിട്ടുണ്ട്. ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യുന്നതിനാസ്പദമായ അന്യായം രേഖകളുടെയും, തെളിവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് അവാർഡ് നൽകുന്നതിന് ആർബിട്രേറ്റർക്ക് വിവേചന അധികാരമുണ്ട്.<br><br>തുകയുടെ തീർപ്പിന് ശേഷമുള്ള പലിശയുടെ നിരക്ക് നിശ്ചയിക്കുന്നതിനും ആർബിട്രേറ്റർക്ക് വിവേചന അധികാരമുണ്ട്. അപ്രകാരമുള്ള വിവേചിക്കൽ വിവിധ സാഹചര്യങ്ങൾക്ക് അനുസൃതമായി അതായത് ഇടപാടിന്റെ സ്വഭാവം, വായ്പ അനുവദിച്ചതിന്റെ ഉദ്ദേശം, കുടിശ്ശികയുടെ കാരണം, പലിശ നിരക്ക്, വായ്പാക്കാരന്റെ വായ്പാ തിരിച്ചടവിന്റെ സ്വഭാവം, മൊത്തം തുക, ബാക്കി നിൽപ്പ്, ആനുപാതിക പലിശ ബാക്കി നിൽപ്പ്, മുതലിന്റെ ബാക്കി നിൽപ്പ് തുടങ്ങിയവ പ്രകാരമായിരിക്കണം.<br><br>ആർബിട്രേറ്റർക്ക് കേസിലെ ഏതെങ്കിലും ഇതര കക്ഷിക്ക് കേസ് ചിലവും, കേസ് കൊടുത്ത തീയതി മുതൽ തുക ഈടാക്കുന്നതുവരെയുള്ള കരാർ നിരക്കിൽ കവിയാത്ത വിധിതുകയുടെ പലിശയും കൊടുക്കുന്നതിനു നിർദ്ദേശിക്കുവാൻ അധികാരമുണ്ടായിരിക്കും. |
| (ബി) | സഹകരണ നിയമത്തിലെയും ചട്ടത്തിലെയും ഏത് ചട്ടം പ്രകാരമാണ് ഭാവി പലിശ നൽകാൻ ഉത്തരവാകുന്നതെന്ന് വിശദമാക്കാമോ? | (ബി) | സഹകരണ സംഘം/ബാങ്കും വായ്പാക്കാരനും തമ്മിലുള്ള കരാർ, സംഘത്തിലെ ബൈലാ വ്യവസ്ഥ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഓരോ വായ്പക്കും സഹകരണ സ്ഥാപനങ്ങൾ വായ്പാക്കാരിൽ നിന്നും പലിശ ഈടാക്കുന്നത്. സഹകരണ സംഘം |

| | | | |
|---|---|---|---|
| | | | രജിസ്ട്രാർ പുറപ്പെടുവിക്കുന്ന സർക്കുലറിൽ കൂടുതൽ ടി പലിശ ഈടാക്കുന്നതിന് സഹകരണ സംഘം/ബാങ്കുകൾക്ക് അനുമതിയില്ല. ബന്ധപ്പെട്ട രേഖകളും, തെളിവുകളും പരിശോധിച്ച് അവാർഡ് പുറപ്പെടുവിക്കുന്നതിന് ആർബിട്രേറ്റർക്ക് വിവേചന അധികാരമുണ്ട്.<br><br>സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുള്ള വായ്പ ഉപനിബന്ധനകളിലും, വായ്പാക്കാരനും ബാങ്കും തമ്മിൽ സമ്മതിച്ച് ഏർപ്പെടുന്ന വായ്പ കരാർ/ബോണ്ടുകളിലും ഭാവി പലിശ സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്താറുണ്ട്. ഇത് സംബന്ധിച്ച് സഹകരണ നിയമത്തിലോ ചട്ടത്തിലോ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ സഹകരണ ആർബിട്രേഷൻ കോടതിക്കോ, രജിസ്ട്രാർക്കോ, തർക്കതീരുമാന ഉദ്യോഗസ്ഥനോ, ആർബിട്രേറ്റർക്കോ, കേസിലെ ഏതെങ്കിലും ഇതര കക്ഷിക്ക് കേസ് ചിലവും, കേസ് കൊടുത്ത തീയതി മുതൽ തുക ഈടാക്കുന്നതുവരെയുള്ള കരാർ നിരക്കിൽ കവിയാത്ത വിധിതുകയുടെ പലിശയും കൊടുക്കുന്നതിനു നിർദ്ദേശിക്കുവാൻ അധികാരമുണ്ടായിരിക്കുമെന്ന് കേരള സഹകരണ നിയമം ചട്ടം 67 ഉപചട്ടം 10 കുറിപ്പ് 2 - ൽ പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ